ദേശീയപാത ഉൾപ്പെടെയുള്ള റോഡുകളുടെ പുനരുദ്ധാരണം

*20 [140] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് ദേശീയപാത ഉൾപ്പെടെയുള്ള റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് അപകടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡിലുണ്ടാകുന്ന കുഴികളെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കാറുണ്ട്. മാത്രമല്ല കാലാകാലങ്ങളിൽ റോഡിന്റെ ഉപരിതലം ബലപ്പെടുത്തുന്ന ജോലികളും ചെയ്യാറുണ്ട്. മഴക്കാലത്ത് ഉപയോഗിക്കുന്ന എമൽഷൻ (ടാർ) വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്. ഇതിനകം 100 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. കുഴികൾ അടച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരികയാണ്. മഴക്കാലത്തുണ്ടാകുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ദേശീയപായതയുടെ ഓരോ ഡിവിഷനും കീഴിൽവരുന്ന അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗതവും ദേശീയപാതയും മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് അറ്റകുറ്റപണികൾ നടത്തുന്നതാണ്.

പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പദ്ധതി

*21 [141] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സർവ്വശിക്ഷാ അഭിയാൻ എന്ന പദ്ധതിക്കു പുറമേ യുനിസെഫിന്റെ ആഭിമുഖ്യത്തിലും ഒരു പദ്ധതി നടക്കുന്നുണ്ട്. നാല്-അഞ്ച് ക്ലാസ്സുകളിലെ പരിഷ്ക്കരിച്ച പാഠപുസ്തകം, അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള അദ്ധ്യാപക പരിശീലനം വിവിധ ജില്ലകളിലായി നടന്നുവരുന്നു. കൂടാതെ, മറ്റു ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് വിഷയാധിഷ്ഠിത പരിശീലനവും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly